**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1859** **15-03-2022 - ൽ മറുപടിയ്ക്ക്**

**പുക നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഏകീകൃത മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **null**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ വാഹനങ്ങൾക്ക് പുക നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നത് ഏതെല്ലാം മാനദണ്ഡങ്ങൾ പ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) | 1989 - ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 115 അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് സംസ്ഥാനത്ത്, പ്രവർത്തനക്ഷമമായ വാഹനങ്ങൾക്ക് വാഹന പുക പരിശോധനാ സർട്ടിഫിക്കറ്റ് (Pollution Under Control Certificate) നൽകി വരുന്നത്. |
| (ബി) | ഇതിനായി ഓരോ വാഹനത്തിനും ഈടാക്കാവുന്ന ഫീസ് നിരക്ക് എത്രയെന്ന് അറിയിക്കാമോ; സർക്കാർ നിരക്കിനെക്കാൾ കൂടുതലായി സ്ഥാപനങ്ങൾ തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | G.O.(Rt)No.519/2019/Trans. dated 14/11/2019 പ്രകാരം നിശ്ചയിച്ചിട്ടുള്ള പുക പരിശോധന ഫീസ് നിരക്ക് അനുബന്ധമായി ചേർക്കുന്നു. പുക പരിശോധന സ്ഥാപനങ്ങൾ ഫീസ് കൂടുതലായി വാങ്ങുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പുക നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നതിന് കേന്ദ്ര നിയമങ്ങൾക്ക് വിധേയമായി ഒരു ഏകീകൃത മാനദണ്ഡം ഉറപ്പാക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ എല്ലാ വാഹന പുക പരിശോധനാ കേന്ദ്രങ്ങളെയും, കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള Parivahan – സോഫ്റ്റ്-വെയറിൽ സംയോജിപ്പിച്ചിട്ടുണ്ട്. ആയതിനാൽ കേന്ദ്ര നിയമങ്ങൾക്ക് വിധേയമായി സംസ്ഥാനത്തെ മുഴുവൻ പുക പരിശോധന കേന്ദ്രങ്ങളിൽ നിന്നും ഏകീകൃതമായ രീതിയിലാണ് Pollution Under Control Certificates നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ. നം. | വാഹന ഇനം | ഫീസ് നിരക്ക് |
|---|---|---|
| 1) | ഇരുചക്രവാഹനങ്ങൾ | 80/- രൂപ |
| 2) | മുചക്രവാഹനങ്ങൾ | പെട്രോൾ - 80/- രൂപ<br>ഡീസൽ - 90/- രൂപ |
| 3) | ലൈറ്റ് വാഹനങ്ങൾ | പെട്രോൾ -100/- രൂപ<br>ഡീസൽ - 110/- രൂപ |
| 4) | ഹെവി വാഹനങ്ങൾ | 150/- രൂപ |